# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 223

19/03/2015-ൽ
മറുപടി
പറയേണ്ടിയിരുന്നത്

### പട്ടികജാതി സ്വയം സഹായ സംഘങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി അബ്ദുൾ ഖാദർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | പട്ടികജാതി യുവജനങ്ങളെ വിവിധ സാങ്കേതിക മേഖലകളിൽ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനും, പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകി വരുമാന പദ്ധതി നടപ്പിലാക്കുന്നതിനും 2012-2013 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ & ബി.)<br>വിലയിരുത്തിയിട്ടുണ്ട്. തൊഴിലധിഷ്ഠിത കേന്ദ്രങ്ങളെ Skill Development Centre ആക്കുന്നതിനുള്ള പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷം 220ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ ആടുവളർത്തൽ പദ്ധതിപ്രകാരം 497 പേർക്ക് സ്ഥിരവരുമാനം ഉറപ്പാക്കിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 59,64,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി എന്നും ഈ പദ്ധതികൾക്കായി ചെലവഴിച്ച തുകയെത്രയായിരുന്നു - വെന്നും അറിയിക്കാമോ ; | |
| (സി) | പട്ടികജാതി കോളനികളെ സ്വയം പര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിരുന്നോ ? | (സി)<br>സ്വയം പര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 120 കോളനികളിൽ 113 കോളനികളിലും 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 102 കോളനികളിൽ 52 കോളനികളിലും സ.ഉ(കൈ) 23/13/പജ.പവ.വിവ തീയതി 15-03-2013 പ്രകാരമുള്ള ഉത്തരവിൽ പരാമർശിക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആയതിന്റെ പുരോഗതി ഏജൻസികളുടെ പ്രതിനിധികളുമായി അവലോകനം നടത്തുകയും കോളനികളിൽ പ്രവർത്തികൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടും, അടിക്കടി പ്രവർത്തികൾ മാറ്റണമെന്ന് കോളനി നിവാസികൾ ആവശ്യപ്പെടുന്നതും, പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുവാനുണ്ടാകുന്ന കാലതാമസവും പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിഘാതം സൃഷ്ടിക്കുന്നു. |

Balu K.J

സെക്ഷൻ ഓഫീസർ